(സി) ഇപ്പോൾ ആശുപത്രികളിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ഡി) ഈ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ, ബി) നിലവിൽ 210 രോഗികളെ ഇവിടെ കിടത്തി ചികിത്സിക്കാനുള്ള അനുമതി ഉണ്ട്. 1978-ൽ 170 ബഡ്ഡുകൾക്കുള്ള അനുമതി നൽകിയിരുന്നത് 1984-ൽ 210 ആയി വർദ്ധിപ്പിച്ചു.

(സി, ഡി) അതാത് സ്ഥാപനങ്ങളുടെ ആവശ്യാനുസരണം ജില്ലാ മെഡിക്കൽ ആഫീസറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആശുപത്രി വികസന സമിതിയുമായും തദ്ദേശ സ്വയംഭരണ സ്ഥാപനവുമായും ആലോചിച്ച് ജനപ്രതിനിധികളുടെ ഫണ്ടും സംസ്ഥാന പ്ലാൻ ഫണ്ടും ലഭ്യമാവുന്നത് അനുസരിച്ച് ഉപയോഗപ്പെടുത്തി ആവശ്യമായ ഭൗതിക സാഹചര്യങ്ങളും തസ്തികകളും സൃഷ്ടിച്ചതിനുശേഷമാണ് കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം വർദ്ധിപ്പിക്കുന്നത്. മേൽപ്പറഞ്ഞ സാഹചര്യങ്ങൾ ലഭ്യമാവുന്ന മുറക്ക് മാത്രമേ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുവാൻ കഴിയുകയുള്ളൂ.

കോഴിക്കോട് ചെറൂപ്പ ഹെൽത്ത് സെന്ററിന്റെ ശോചനീയാവസ്ഥ

156 [830] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയുടെ സബ്സെന്ററായ ചെറൂപ്പ ഹെൽത്ത് സെന്ററിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് ഗവൺമെന്റിന്റെയും മെഡിക്കൽ കോളേജ് ആശുപത്രിയുടേയും ബ്ലോക്ക് പഞ്ചായത്തിന്റെയും അധികാര പരിധിയിൽ വരുന്നതിനാൽ സ്ഥാപനം നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ഈ സ്ഥാപനം ഒരൊറ്റ ഏജൻസിയുടെ കീഴിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇവിടെ ഐ. പി. വിഭാഗം പ്രവർത്തനം തുടങ്ങാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഇ) ഈ ആശുപത്രിയുടെ ശോചനീയാവസ്ഥ മാറ്റിക്കിട്ടാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇക്കാര്യം പരിഗണിച്ചുവരുന്നു.

(ഡി) ഇതിലേക്കായി അധിക തസ്തികകൾ ആവശ്യമാണ്. അധിക തസ്തികകൾ സൃഷ്ടിക്കുന്നതിൽ നിലനിൽക്കുന്ന നിരോധനം മാറുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഇ) ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനും സിവിൽ ഇലക്ട്രിക്കൽ മെയിന്റനൻസ് നടത്തുന്നതിനും ഡോക്ടർമാർ താമസിക്കുന്നതിനുള്ള ഡ്യൂട്ടി റും പണിയുന്നതിനും മരുന്നുകൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പീരുമേട് മണ്ഡലത്തിൽ ആരോഗ്യവകുപ്പിന്റെ കീഴിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്താൻ നടപടി

157 [834] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ ആരോഗ്യവകുപ്പിന്റേതായി ഏതെല്ലാം ആശുപത്രികളും ഇതര സ്ഥാപനങ്ങളും നിലവിലുണ്ടെന്നും അവ എവിടെയെല്ലാം സ്ഥിതി ചെയ്യുന്നുവെന്നും വെളിപ്പെടുത്തുമോ;

(ബി) ഇവിടെ ഏതെല്ലാം തസ്തികകൾ നിലവിലുണ്ടെന്നും ആയതിൽ എത്രയെണ്ണം ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്താത്തതിനു കാരണം വെളിപ്പെടുത്തുമോ;

(ഡി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്താൻ നടപടി കൈക്കൊള്ളുമോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഇത്തരത്തിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഓരോന്നും എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നുവെന്നും വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly